# കൊവിഡ്കാല അക്കാഡമിക മികവുകൾ

### ഹിദായത്തുൽ ഇസ്‌ലാം ഹയർ സെക്കന്ററി സ്കൂൾ
### (എച്ച് ഐ എച്ച് എസ് എസ് എടവനക്കാട്)

**രണ്ടാ**യിരത്തി പതിനെട്ടിലെ പ്രളയാനന്തരകാലവും അതിനോടുടൻതന്നെ കടന്നുവന്ന കൊവിഡ് 'കെട്ടകാല'വും എല്ലായിടത്തുമെന്നപോലെ ഞങ്ങളുടെ സ്കൂളിനെയും ബാധിച്ചിരുന്നു. എന്നാൽ വിക്ടേഴ്സ് ചാനലും കൃത്യമായ ടൈംടേബിളോടുകൂടിയ അധ്യാപകരുടെ ഓൺലൈൻ ക്ലാസുകളും അകമഴിഞ്ഞ സഹായങ്ങളോടെയുള്ള ഗൃഹസന്ദർശനങ്ങളുമൊക്കെയായി മറ്റേതൊരു പൊതുവിദ്യാലയത്തെയുംപോലെ ഒരുപടി മുന്നിലായി എച്ച്ഐഎച്ച്എസ്എസ് എടവനക്കാടും സജീവമായിത്തന്നെ കുട്ടികളോടൊപ്പമുണ്ടായിരുന്നു. അക്കാഡമികരംഗത്തെ സജീവത നിലനിർത്തുവാനായി, വ്യത്യസ്തമായി ആസൂത്രണം ചെയ്യുകയും വിജയംവരിക്കുകയും ചെയ്ത നിരവധി പരിപാടികളിൽ നിന്നും സമയത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട്, ഏറെ പ്രസക്തമെന്നു തോന്നിയ ചിലവ മാത്രം സിനോപ്സിസ് രൂപത്തിൽ താഴെ പങ്കുവെക്കുന്നു.

- **സ്നേഹസ്പർശം**




പ്രളയാനന്തര ഗൃഹസന്ദർശനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയം. ആയിരത്തി എണ്ണൂറോളം കുട്ടികൾക്ക് ബാഗും പുസ്തകങ്ങളുമടങ്ങിയ എല്ലാ പഠനോപകരണങ്ങളും സൗജന്യമായി നൽകി. ഒമ്പതു ലക്ഷം രൂപയോളം ചിലവ്. അധ്യാപകരും മാനേജ്മെന്റും പിടിഎയും പൂർവ്വവിദ്യാർത്ഥികളും കൈകോർത്തപ്പോൾ സാദ്ധ്യമായി.

- **എല്ലാവർക്കും ഓൺലൈൻ പഠനോപകരണം**

പത്ത് ശതമാനത്തിലധികം കുട്ടികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ സംഘടിപ്പിച്ചു നൽകുന്നതിലൂടെ നൂറുശതമാനം കുട്ടികളെയും ഓൺലൈൻ ക്ലാസുകൾക്കായി സജ്ജരാക്കി




- **ഹിസാ ഹബ്**

മൊബൈലുകളും ടാബുകളും ലാപ് ടോപ്പുകളുമൊക്കെ കൈകളിലെത്തിയതോടെ സോഷ്യൽമീഡിയാ ഗെയിമിങ് തുടങ്ങിയ സങ്കേതങ്ങളുടെ ദുരുപയോഗം വർദ്ധിച്ച സാഹചര്യത്തിലാണ് 'ഹിസാഹബ്'എന്ന ആശയം പൂർവ്വ വിദ്യാർത്ഥി സംഘടനയായ 'ഹിസ'യുടെ സഹകരണത്തോടെ നടപ്പാക്കിയത്.




എടവനക്കാട് ഹിദായത്തുൽ ഇസ്‌ലാം ഹയർസെക്കന്ററി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയായ (ഹിസ) യുടെ നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് മാത്രമായി സജ്ജീകരിച്ച മിനി കമ്പ്യൂട്ടർ ഐടി ഹബ്ബ് (ഹിസ ഹബ്ബ്) വിതരണം കെ.എൻ.ഉണ്ണികൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

ഇരുപത്തഞ്ച് കുട്ടികളുടെ വീടുകളിൽ, ഓൺലൈൻ ക്ലാസുകൾക്കുമാത്രമായി ഇൻസ്റ്റാൾ ചെയ്തു കൊടുക്കുകയും മേൽനോട്ടം നടത്തുകയും ചെയ്തു.



- **പഞ്ചായത്ത് പഠനകേന്ദ്രം**

എടവനക്കാട് പഞ്ചായത്തിലെ പതിനാലാം വാർഡിലെ എസ് എൻ സഭ ഹാളിൽ കർശനമായ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സ്കൂളിലെ ഐസിടി ഉപകരണങ്ങളുടെ സഹായത്തോടെ, ആ വാർഡിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിവിധ ക്ലാസുകാർക്ക് വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ കാണാനും സംശയദുരീകരണത്തിന് അതതു വിഷയാധ്യാപകരെ ടൈംടേബിളനുസരിച്ച് നിയോഗിച്ച് അറുതിവരുത്താനും കഴിഞ്ഞു. കൊവിഡ് രൂക്ഷമാകുന്നതുവരെ മാത്രമേ കേന്ദ്രം പ്രവർത്തിച്ചുള്ളൂ.

- **മായാബസാറിലെ അയൽപക്ക പഠനകേന്ദ്രം**

എടവനക്കാട് മായാബസാർ എന്ന പിന്നാക്കപ്രദേശത്ത് ഒരു സർവീസ് പ്രൊവൈഡർക്കും ഡാറ്റാ റേഞ്ച് ഇല്ലായിരുന്നു. ധാരാളം കുട്ടികൾ ആ ഭാഗത്ത് ഓൺലൈൻ ക്ലാസുകൾക്ക് പങ്കെടുക്കുവാനാകാതെ സങ്കടത്തിലായിരുന്നു. സ്കൂളും വാർഡ് മെമ്പറുമായി സഹകരിച്ച്, പഞ്ചായത്ത് ജനസേവനകേന്ദ്രത്തിൽ ബിഎസ്എൻഎൽ എഫ്ടിടിഎച്ച് കണക്ഷനും സ്കൂളിലെ ലാപ്ടോപ്പുകളും പ്രൊജക്ടറുമൊക്കെ സ്ഥാപിച്ച് നല്ലരീതിയിൽ ഫലമുണ്ടാക്കി. ഈ കേന്ദ്രത്തിലും അധ്യാപകരെ ഊഴമനുസരിച്ച് വിന്യസിച്ചിരുന്നു.



**റേഞ്ചില്ലാത്തതിനാൽ പഠനം മുടങ്ങില്ല; സൗകര്യമൊരുക്കി അധ്യാപകർ**

**● എടവനക്കാട് എച്ച്.ഐ.എച്ച്.എസ്.എസ് അധ്യാപകരാണ് സേവന കേന്ദ്രത്തിൽ വൈഫൈ സംവിധാനം ഒരുക്കിയത്**

**വൈപ്പിൻ:** മൊബൈൽ റേഞ്ച് ഇല്ലാത്തതിനെ തുടർന്ന് ഓൺലൈൻ ക്ലാസുകളിൽ ഹാജരാകാൻ കഴിയാത്ത വിദ്യാർഥികൾക്ക് സഹായവുമായി അധ്യാപകർ. എടവനക്കാട് ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലെ മായാബസാറിലെ കുട്ടികൾക്കായാണ് എച്ച്.ഐ.എച്ച്.എസ്.എസ് അധ്യാപകരുടെ നേതൃത്വത്തിൽ പഠന സൗകര്യമൊരുക്കിയത്.

മൊബൈലുകളുണ്ടായിട്ടും മായാബസാർ പ്രദേശത്ത് റേഞ്ച് ലഭ്യമല്ലാതായതോടെ ഓൺലൈൻ ക്ലാസുകൾ നിരവധി കുട്ടികൾക്ക് ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കിയ അധ്യാപകർ വാർഡംഗം സുനൈനയുടെ സേവന കേന്ദ്രത്തിൽ വൈഫൈ സംവിധാനം ഒരുക്കുകയായിരുന്നു.

മുതിർന്ന ക്ലാസിലെ കുട്ടികൾക്കായി രണ്ട് ലാപ്ടോപും സജ്ജമാക്കി.

മൊബൈലിൽ ക്ലാസ് ലഭിക്കാത്ത കുട്ടികൾക്ക് ഇനി മുതൽ സേവന കേന്ദ്രത്തിലെത്തി ക്ലാസുകൾ വീക്ഷിക്കാനാകും.

ചൊവ്വാഴ്ച രാവിലെ പഠന കേന്ദ്രം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് അസീന അബ്ദുൽസലാം ഉദ്ഘാടനം ചെയ്തു. വാർഡംഗം സുനൈന സുധീർ, വൈപ്പിൻ ബി.ആർ.സി പ്രോഗ്രാം കോഓഡിനേറ്റർ കെ. ടി. പോൾ, സ്കൂൾ വൈസ് പ്രിൻസിപ്പൽ വി.കെ. നിസാർ, പി.ടി.എ പ്രസിഡൻറ് കെ.എ. സാജിത്ത് എന്നിവർ സംസാരിച്ചു. സെൻററിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ആവശ്യമായ സൗകര്യങ്ങൾ വർധിപ്പിക്കുമെന്ന് അധ്യാപകർ അറിയിച്ചു.

എടവനക്കാട് മായാബസാറിൽ മൊബൈൽ ഫോൺ റേഞ്ചില്ലാത്തതിനാൽ അധ്യാപകരുടെ നേതൃത്വത്തിൽ ഒരുക്കിയ സംവിധാനത്തിൽ ഓൺലൈൻ ക്ലാസുകൾ വീക്ഷിക്കുന്ന കുട്ടികൾ

- **ഉയിർപ്പുൽസവം**

പഠനകാര്യങ്ങൾ വിഘ്നങ്ങളില്ലാതെ പോകുമ്പോഴും, കലാരംഗത്തെ മികവുകളുടെ പ്രകടനത്തിന്റെ അപര്യാപ്തത സങ്കടമായ സമയത്താണ് 'ഉയിർപ്പുൽസവം' എന്നപേരിൽ എൽപി കലോത്സവം നടത്തിയത്.

- **ഹൈലൻ - ദ ഹീലിങ് ഫെസ്റ്റിവൽ**

ഉയിർപ്പുൽസവത്തിന്റെ വിജയം മുഴുവൻ ക്ലാസുകാർക്കുമായുള്ള ഓൺലൈൻ കലോത്സവമായ ഹൈലൻ - ദ ഹീലിങ്ഫെസ്റ്റിവൽ അതീവ വിജയകരമായി സംഘടിപ്പിക്കുവാൻ പ്രചോദനമായി. കലാരംഗത്തെ പ്രമുഖർ പലരും കുട്ടികളുമായി സംവദിച്ചു.



- **കായിക ക്ലാസുകൾ**



കായികക്ഷമതയുണ്ടാക്കാനുതകുന്ന വ്യായാമ പാഠങ്ങളുമായി എല്ലാ ആഴ്ചയും കായികാധ്യാപകൻ ഓൺലൈനിൽ നൽകിയിരുന്ന പാഠങ്ങൾ കുട്ടികൾ ആവേശത്തോടെ സ്വീകരിച്ചു.

- **സംഗീത ക്ലാസുകൾ**



സംഗീതാഭിരുചിയുള്ള കുട്ടികൾക്ക് ആഴ്ചതോറും സംഗീതാധ്യാപിക ഓൺലൈനിൽ ക്ലാസെടുത്തിരുന്നു.

- **പ്രവൃത്തിപരിചയ ക്ലാസുകൾ**



മാസ്ക്, സാനിറ്റൈസർ, പട്ടം തുടങ്ങിയ നിർമാണങ്ങൾ പരിചയപ്പെടുത്തുന്ന വിവിധ പ്രവൃത്തിപരിചയ ക്ലാസുകൾ നടത്തി.

- **കുട്ടിശാസ്ത്രജ്ഞർ**

ശാസ്ത്രരംഗം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓൺലൈൻ പരിശീലനങ്ങൾ നടന്നു. സദ്ഫലമായി ഉപജില്ലാമത്സരങ്ങളിൽ സ്കൂൾ ഏറ്റവുമധികം പോയിന്റുകളോടെ ചാമ്പ്യന്മാരായി.

- **ഓഫ്‌ലൈൻ കൗൺസലിങ്**

കൗൺസലിങ് ആവശ്യമായ കുട്ടികളെ സ്കൂളിലേക്ക് വരുത്തി അവരോടൊപ്പം അരദിവസം ചെലവഴിച്ച്, 'Walk with the headmaster' എന്നരീതിയിൽ സൗഹൃദ കൗൺസലിങ് നടത്തി. പതിനൊന്നു കുട്ടികളെ ഈ രീതിയിൽ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു.

- **സഹപാഠിക്കൊരു വീട്**



കൊവിഡിനു മുന്നേ രണ്ടു വീടുകൾ നിർമിച്ചു നൽകിയിരുന്നു. മൂന്നാമത്തെ വീടിനായി സ്ഥലംവാങ്ങുകയും പണി പുരോഗമിക്കുകയും ചെയ്യുന്നു.

- **സെൽഫ് അസസ്‌മെന്റ് ടെസ്റ്റുകൾ**

SAT എന്നപേരിൽ ശിശുസൗഹൃദ ടെസ്റ്റുകളിലൂടെ ഇടക്കിടെ കുട്ടികളുടെ നിലവാരപരിശോധനയും അതുവഴി പഠനവിടവിന്റെ പരിശോധന, പരിഹാരബോധനം എന്നിവ ചെയ്യാൻകഴിഞ്ഞു.

- **അധ്യാപകരോടൊപ്പം താമസിച്ച്**

സമീപത്തെ അനാഥശാല അന്തേവാസികളായ, ദുരദിക്കുകളിൽ നിന്നുമുള്ള കുറച്ചുകുട്ടികൾക്ക് കഴിഞ്ഞ മോഡൽ, എസ്എസ്എൽസി പരീക്ഷകളെഴുതാൻ അധ്യാപകരുടെ വീടുകളിൽ രണ്ടാഴ്ചയോളം സൗകര്യമൊരുക്കി.

- **അടിസ്ഥാന സൗകര്യങ്ങളുടെ വിപുലനം**

മികവാർന്നതും ശിശുസൗഹൃദവുമായ രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ ഈ കാലയളവിൽ സജ്ജമാക്കി. കുടിവെള്ളം പരിശുദ്ധമാക്കാനുള്ള ഭീമൻ ഫിൽറ്റർ സ്ഥാപിച്ചു. ഫുട്ബോൾ ടർഫ് മൈതാനം, ക്രിക്കറ്റ് നെറ്റ് പ്രാക്ടീസിനുള്ള സംവിധാനം എന്നിവ പണിനടക്കുന്നു.







- **ഇംഗ്ലീഷ് ക്ലബ്ബ്, അറബിക് ക്ലബ്ബ്, ഹിന്ദി അക്ഷരക്കളരി**

ഓൺലൈനായി നടന്നുകൊണ്ടിരുന്നു.

- **സ്പെഷ്യൽ എഡ്യൂക്കേഷൻ / കൗൺസലിങ് റൂം**

ഭിന്നശേഷി, പഠനപിന്നോക്കാവസ്ഥ, പ്രശ്ന വിദ്യാർത്ഥികൾ എന്നീ വിഭാഗക്കാർക്ക് ഓഡിയോ വിഷ്വൽ ഐസിടി സൗകര്യങ്ങളോടെ ഒരു പ്രത്യേക ക്ലാസ്മുറി സജ്ജമാക്കി. സ്പെഷ്യൽ എഡ്യൂകേറ്ററോടൊപ്പം, കൗൺസലിങ്ങിൽ പരിശീലനം ലഭിച്ച അധ്യാപകരും ഇവിടെ സജീവമാണ്.

- **ലൈബ്രറി എല്ലാർക്കും**



വിശാലവും സമ്പുഷ്ടവുമായ സ്കൂൾ ലൈബ്രറി, രക്ഷിതാക്കൾക്കടക്കം പ്രാപ്യമാക്കി

- **ഇ മാഗസിൻ - ലിറ്റിൽ കൈറ്റ്സ്**

ഒട്ടനവധി കുട്ടികളുടെയും അധ്യാപകരുടെയും രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇ മാഗസിൻ 'E വസന്തവാടിയിൽ അല്പനേരം' ഓൺലൈനിൽ പ്രകാശിതമായി

- **എൽപി ഫ്ലിപ്പ്ഡ് മാഗസിൻ**

എൽപി വിഭാഗം കുട്ടികളുടെ രചനകളുൾക്കൊള്ളിച്ച് ഒരു ഫ്ലിപ്ഡ് മാഗസിനും പുറത്തിറക്കി.

- **മക്കൾക്കൊപ്പം**

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ സങ്കടിപ്പിക്കപ്പെട്ട മക്കൾക്കൊപ്പം പരിപാടി എല്ലാ ക്ലാസിലെ രക്ഷിതാക്കൾക്കുമായി സംഘടിപ്പിക്കപ്പെട്ടു.

- **എൽഎസ്എസ്, യുഎസ്എസ്,എൻഎംഎംഎസ് പരിശീലനം**

ഓൺലൈനായി ഭംഗിയായി നടക്കുന്നു.

- **മൃഗക്ഷേമ ദ്വൈവാരാചരണം**

കേരള അനിമൽ ഹസ്ബെൻറി വകുപ്പുമായി സഹകരിച്ച് മൃഗസംരക്ഷണ സെമിനാറും ക്വിസ് മത്സരങ്ങളും നടത്തി.

നിസാർ വി കെ
ഹെഡ്മാസ്റ്റർ
8547918043